2026
OCTOBER
26
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# 4 പൊതുമേഖലാ ബാങ്കുകളിലെ ഓഹരി കൂടി വിൽക്കാൻ കേന്ദ്രം

**ന്യൂദൽഹി:** ഐഡിബിഐ ബാങ്കിലെ 60.72 കോടി ഓഹരികൾ കനേഡിയൻ നിക്ഷേപക സ്ഥാപനമായ ഫെയർഫാക്സിനു വിൽക്കാൻ തീരുമാനിച്ചതിനു പിന്നാലെ നിർണായക നീക്കവുമായി കേന്ദ്രം. നാല് പൊതുമേഖല ബാങ്കുകളിലെ ഓഹരികൾ കൂടി സമാന രീതിയിൽ വിൽക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നതായി വിവരം. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, യൂകോ ബാങ്ക്, പഞ്ചാബ് ആൻഡ് സിന്ധ് ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നീ ബാങ്കുകളുടെ ഓഹരിയാണ് വിൽക്കുന്നത്.

വിപണിയിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന കമ്പനികളുടെ 75 ശതമാനത്തിലധികം ഓഹരികൾ പ്രൊമോട്ടർമാർ കൈവശം വയ്ക്കാൻ പാടില്ലെന്നാണ് സെബി ചട്ടം. ഇതുപാലിക്കാനാണ് കേന്ദ്രസർക്കാർ പ്രൊമോട്ടറായ ബാങ്കുകളിലെ ഓഹരി വിൽക്കുന്നത്. ഇക്കാര്യം കേന്ദ്രസർക്കാർ സ്ഥിരീകരിച്ചിട്ടില്ല. 2026 ഓഗസ്റ്റ് വരെ ഈ ചട്ടത്തിൽ നിന്ന് പൊതുമേഖല സ്ഥാപനങ്ങളെ കേന്ദ്രസർക്കാർ ഒഴിവാക്കിയിരുന്നു. എന്നാൽ പിന്നീട് ഈ ഇളവ് നീട്ടി കേന്ദ്രം ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

അടുത്ത ഒരു വർഷത്തിനുള്ളിൽ നാല് ബാങ്കുകളിലെ പൊതു ഓഹരി പങ്കാളിത്തം 25 ശതമാനത്തിനു മുകളിലെത്തിക്കുകയാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യമെന്ന് ഒരു ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി. ഓഫർ ഫോർ സെയിൽ വഴിയാകും കേന്ദ്രസർക്കാർ ഓഹരി വിഹിതം ഒഴിവാക്കുന്നത്.

വിപണിയിലെ സാഹചര്യങ്ങൾ അനുസരിച്ചായിരിക്കും ഇതിനുള്ള സമയക്രമവും വിലയും നിശ്ചയിക്കുന്നത്. ഇതോടെ ഈ ബാങ്കുകളുടെ വിപണി വിഹിതവും ഉയരാൻ സാധ്യതയുണ്ട്. ഈ കമ്പനികളിൽ പൊതുനിക്ഷേപകരുടെ പങ്കാളിത്തവും ഇതോടെ ഉയരും. നിലവിൽ ഇന്ത്യൻ ഓവർസീസ് ബാങ്കിൽ 92.44 ശതമാനം ഓഹരി വിഹിതമാണ് കേന്ദ്രസർക്കാരിനുള്ളത്. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ 81.19 ശതമാനവും യൂകോ ബാങ്കിൽ 90.95 ശതമാനവും പഞ്ചാബ് ആൻഡ് സിന്ധ് ബാങ്കിൽ 93.85 ശതമാനം ശതമാനം ഓഹരികളും കേന്ദ്രസർക്കാരിനുണ്ട്. ഇത് 75 ശതമാനത്തിലേക്ക് താഴ്ത്താൻ വലിയ രീതിയിൽ ഓഹരി വിൽക്കേണ്ടതുണ്ട്.

അടുത്ത റൗണ്ടിൽ ലയിപ്പിക്കേണ്ട പൊതുമേഖല ബാങ്കുകളെ കണ്ടെത്താനും കേന്ദ്രസർക്കാർ ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ടെന്നാണ് വിവരം. ഭാവിയിൽ മൂന്നോ നാലോ വലിയ പൊതുമേഖല ബാങ്കുകൾ മാത്രം മതിയെന്നാണ് കേന്ദ്രതീരുമാനം. ഇതിനായി ചില ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനും നീക്കമുണ്ട്.

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നിവയെ സ്വകാര്യവൽക്കരണത്തിന് നിതി ആയോഗ് തിരഞ്ഞെടുത്തതായും റിപ്പോർട്ടുകളുണ്ട്. ഇക്കാര്യവും കേന്ദ്രസർക്കാർ സ്ഥിരീകരിച്ചിട്ടില്ല. ഐഡിബിഐയ്ക്ക് പുറമെ രണ്ട് പൊതുമേഖല ബാങ്കുകളെ കൂടി സ്വകാര്യവൽക്കരിക്കുമെന്ന് 2021 -22 ബജറ്റിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു.

ഏകദേശം 53,000 കോടി രൂപയ്ക്കാണ് കനേഡിയൻ കമ്പനിക്ക് ഐഡിബിഐയുടെ ഭൂരിപക്ഷം ഓഹരികളും വിൽക്കാൻ കേന്ദ്രമന്ത്രിസഭ അനുവാദം നൽകിയത്. ഇന്ത്യൻ ധനകാര്യ മേഖലയിലെ ഏറ്റവും വലിയ വിദേശ നിക്ഷേപമാണിത്.

കേന്ദ്രത്തിന്റെ കൈവശമുള്ള 30.48% ഓഹരികളും എൽഐസിയുടെ 30.24% ഓഹരികളുമാണ് വിൽക്കുന്നത്.സർക്കാരിന് 26,620 കോടി രൂപയും എൽഐസിക്ക് 26,440 കോടി രൂപയും ഇതിലൂടെ ലഭിക്കും.

നിലവിൽ ഐഡിബിഐയിൽ കേന്ദ്രത്തിന് 45.4 ശതമാനവും പ്രമോട്ടറായ എൽഐസിക്ക് 49.24 ശതമാനവും ഓഹരിയാണുള്ളത്. ഇടപാട് പൂർത്തിയാകുമ്പോൾ ഇത് യഥാക്രമം 15 ശതമാനവും 19 ശതമാനവുമായി കുറയും.

ഫലത്തിൽ, ഫെയർഫാക്സ് ബാങ്കിന്റെ ഏറ്റവും വലിയ ഓഹരിയുടമയാകും. ഓഹരിയൊന്നിന് 81 രൂപ രൂപയ്ക്കാണ് ഇടപാട്.

# എയർ കാർഗോ ഹബ്ബാകാൻ കൊച്ചി

**കൊച്ചി:** ഫ്ളൈ ദുബായ് കൊച്ചി വിമാനത്താവളത്തിൽ നിന്ന് 25ന് കാർഗോ സർവീസ് തുടങ്ങുന്നു. ആഴ്ചയിൽ ഒരു സർവീസ് വീതമാണ് ആദ്യ ഘട്ടത്തിൽ. ദുബായ്-കൊച്ചി- ദുബായ് സെക്ടറിൽ ബി 737 ഫ്രൈയ്റ്റർ ആണ് സർവീസിനായി ഉപയോഗിക്കുന്നത്.

അടുത്തിടെയാണ് ഫ്ളൈ ദുബായ് കാർഗോ സർവീസ് ആരംഭിച്ചത്. 3 കാർഗോ വിമാനങ്ങളാണ് ഫ്ളൈ ദുബായ് ഓപ്പറേറ്റ് ചെയ്യുന്നത്. സോളിറ്റ് എയറിൽ നിന്ന് പാട്ടത്തിന് എടുത്ത ഇവയിൽ 23 ടൺ വരെ ചരക്കുകൾ കയറ്റാം.

കൊച്ചിയിൽ നിന്നു കാർഗോ സർവീസ് ആരംഭിക്കുന്ന മൂന്നാമത്തെ വിമാന കമ്പനിയാണ് ഫ്ളൈ ദുബായ്. ഇൻഡിഗോയും നാഷനൽ എയർലൈൻസും നിലവിൽ സർവീസ് നടത്തുന്നു.

കേരളത്തിലെ പ്രധാന എയർ കാർഗോ ഹബ് ആവാൻ ഒരുങ്ങുകയാണ് കൊച്ചി വിമാനത്താവളം. കാർഗോ ടെർമിനലുകളുടെ വികസനം പൂർത്തിയായതോടെ പ്രതിവർഷം ഒരു ലക്ഷം മെട്രിക് ടൺ കാർഗോ കൈകാര്യം ചെയ്യാനുള്ള ശേഷി ഇംപോർട്ട് വിഭാഗത്തിനും, 1.25 ലക്ഷം മെട്രിക് ടൺ കൈകാര്യം ചെയ്യാനുള്ള ശേഷി എക്സ്പോർട്ട് വിഭാഗത്തിനുമുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം 72178 ടൺ കാർഗോ ആണ് കൊച്ചിയിൽ കൈകാര്യം ചെയ്തത്. കേരളത്തിൽ നിന്നുള്ള വിമാന കാർഗോയുടെ 60% വരും ഇത്.

# കൊച്ചി വാട്ടർ മെട്രോയിലെ യാത്രക്കാർ 79 ലക്ഷം കടന്നു



**കൊച്ചി:** പൂജാവധി ദിനങ്ങളിൽ അഭിമാനാർഹമായ നേട്ടം കൈവരിച്ച് കേരളത്തിന്റെ യാത്രാസംസ്കാരത്തിൽ വേറിട്ട അനുഭവമാകുന്ന കൊച്ചി വാട്ടർ മെട്രോ. ഒക്ടോബർ 20ാം തീയതി മഹാനവമി ദിനത്തിൽ മാത്രം 15,507 പേരാണ് വാട്ടർ മെട്രോയിൽ യാത്ര ചെയ്തത്. ഇതിൽ ഏറ്റവും കൂടുതൽ ആളുകൾ യാത്ര ചെയ്തത് ഹൈക്കോർട്ട് - ഫോർട്ട്കൊച്ചി റൂട്ടിലാണ്. വിജയദശമി ദിനമായ ഒക്ടോബർ 21ന് 11,074 പേരും സർവീസ് ഉപയോഗപ്പെടുത്തി.

വാട്ടർ മെട്രോയുടെ ചരിത്രത്തിൽ ഒരു ദിവസത്തെ ഏറ്റവും ഉയർന്ന റൈഡർഷിപ്പ് രേഖപ്പെടുത്തിയത് 2025 ഡിസംബർ 28ലെ ക്രിസ്മസ്പുതുവത്സര സീസണിലാണ്; അന്ന് 17,050 ആളുകളാണ് യാത്ര ചെയ്തത്.

2023 ഡിസംബർ 31ന് 16,162 പേരും 2025 ഡിസംബർ 27ന് 15,518 പേരും യാത്ര ചെയ്തിട്ടുണ്ട്. അത് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ യാത്ര ചെയ്തത് ഈ പൂജ അവധിക്കാണ്.

2023 ഏപ്രിലിൽ വാട്ടർ മെട്രോ സർവീസ് ആരംഭിച്ചത് മുതൽ ഇതുവരെ (ഒക്ടോബർ 22) ആകെ 79,29,051 പേരാണ് വാട്ടർ മെട്രോ പ്രയോജനപ്പെടുത്തിയത്. നാട്ടുകാരുടെയും വിനോദസഞ്ചാരികളുടെയും യാത്രാശീലങ്ങളിൽ വാട്ടർ മെട്രോ എത്രത്തോളം സ്വാധീനം ചെലുത്തി എന്നതിന്റെ തെളിവാണ് ഈ ഉയർന്ന കണക്കുകൾ.

കൊച്ചിയുടെ കായലോര ഭംഗി ആസ്വദിച്ച് സുരക്ഷിതമായും വേഗത്തിലും ലക്ഷ്യസ്ഥാനത്ത് എത്താൻ സാധിക്കുന്നത് നഗരഗതാഗത രംഗത്ത് വലിയൊരു മുന്നേറ്റമായാണ് വിലയിരുത്തപ്പെടുന്നത്.




# റിപ്പോ നിരക്ക് ആർബിഐ ഇനിയും കൂട്ടിയേക്കാം; ഡിസംബറിലും ഫെബ്രുവരിയിലും വർധനയ്ക്ക് സാധ്യത

**മുംബൈ:** ഡിസംബറിലും ഫെബ്രുവരിയിലും നടക്കാനിരിക്കുന്ന റിസർവ് ബാങ്കിന്റെ പണനയ യോഗത്തിലും നിരക്ക് വർധന പ്രഖ്യാപിച്ചേക്കും. അസംസ്കൃത എണ്ണവിലയിലുണ്ടാകുന്ന വർധനയും ഉയരുന്ന പണപ്പെരുപ്പവും കാരണം റിപ്പോ 6.25 ശതമാനം വരെ ഉയർന്നേക്കുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ.

ക്രൂഡ് ഓയിൽ വില ബാരലിന് 100 ഡോളറിന് മുകളിൽ തുടരുകയാണെങ്കിൽ ഏപ്രിലിൽ വീണ്ടുമൊരു വർധനകൂടി ഉണ്ടായേക്കാം.




നാലു വർഷത്തിനുശേഷം ഒക്ടോബറിൽ റിപ്പോ കാൽ ശതമാനം ഉയർത്തിയിരുന്നു. ഇതോടെ നിരക്ക് 5.50 ശതമാനമായി.

അസംസ്കൃത എണ്ണയ്ക്കായി പ്രധാനമായും ഇറക്കുമതിയെ ആശ്രയിക്കുന്നതിനാൽ എണ്ണവില വർധന പണപ്പെരുപ്പ ഭീഷണി ഉയർത്തുന്നുണ്ട്. ആഗോള വിപണിയിൽ ക്രൂഡ് വില ബാരലിന് 105-110 ഡോളർ നിലവാരത്തിലാണ് വ്യാപാരം നടന്നത്.

ഒക്ടോബറിലെ പണനയ സമിതി റിപ്പോർട്ട് പുറത്തുവന്നതോടെയാണ് തുടർച്ചയായ നിരക്ക് വർധനയ്ക്കുള്ള സാധ്യത ചർച്ചയായത്.

സൊസൈറ്റി ടുഡേ
SOCIETY TODAY



പൊറ്റക്കുഴി ലിറ്റിൽ ഫ്‌ളവർ പള്ളിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കെ.എൽ.സി.എ.പൊറ്റക്കുഴി യൂണിറ്റ് സംഘടിപ്പിച്ച മിനി മാരത്തൺ 2026 'റൺ ഫോർ ഫെയ്ത്ത്'മന്ത്രി അഡ്വ. വി. ഇ. അബ്ദുൽ ഗഫൂർ ഫ്ളാഗ് ഓഫ് ചെയ്യുന്നു. സലിം ഹസ്സൻ,ഫാ. പാട്രിക് ഇലവുങ്കൽ, വി.ആർ.സുധീർ,എഡ്വേർഡ് ഫോസ്റ്റസ് തുടങ്ങിയവർ സമീപം.

# മിനി മാരത്തൺ റൺ ഫോർ ഫെയ്ത്ത് സംഘടിപ്പിച്ചു

**കൊച്ചി :** പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ പള്ളിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി കെ.എൽ.സി.എ.പൊറ്റക്കുഴി യൂണിറ്റ് സംഘടിപ്പിച്ച മിനി മാരത്തൺ 2026 'റൺ ഫോർ ഫെയ്ത്ത്' പള്ളിയങ്കണത്തിൽ രാവിലെ ഏഴിന് ഫിഷറീസ് ആൻഡ് സോഷ്യൽ ജസ്റ്റിസ് വകുപ്പ് മന്ത്രി അഡ്വ. വി. ഇ. അബ്ദുൽ ഗഫൂർ ഫ്ളാഗ് ഓഫ് ചെയ്തു. 40 വയസ്സിന് മുകളിലും, താഴെയും പ്രായമുള്ള സ്ത്രീ, പുരുഷ വിഭാഗങ്ങളിലായാണ് മിനി മാരത്തൺ സംഘടിപ്പിച്ചത്. ചടങ്ങിൽ പള്ളി വികാരി ഫാ. പാട്രിക് ഇലവുങ്കൽ, കൊച്ചി കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ വി.ആർ.സുധീർ, സിനിമാ താരം സലിം ഹസ്സൻ, അസിസ്റ്റന്റ് വികാരി ഫാ. അലൻ ആന്റണി പുതിയകുളങ്ങര, ഫാ. ജോസഫ് അനു അരിശേരിൽ എസ്.സി.ജെ, എഡ്വേർഡ് ഫോസ്റ്റസ്, കെ.എൽ.സി.എ. സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്, വരാപ്പുഴ അതിരൂപത കെ.എൽ.സി.എ. പ്രസിഡന്റ് റോയ് ഡികുന, ജനറൽ സെക്രട്ടറി റോയ് പാലയാത്തിൽ എന്നിവർ പ്രസംഗിച്ചു. 1926ലാണ് പൊറ്റക്കുഴിയിൽ ലിറ്റിൽ ഫ്ളവർ പള്ളിപള്ളി സ്ഥാപിച്ചത്.



ആർ. ഗോപകുമാർ,എം. ഷജിൽ കുമാർ, രുജീഷ് വി. രവീന്ദ്രൻ

# എറണാകുളം പ്രസ് ക്ലബ്ബ്: ആർ. ഗോപകുമാർ പ്രസിഡന്റ്, എം. ഷജിൽ കുമാർ സെക്രട്ടറി

**കൊച്ചി :** കേരള പത്രപ്രവർത്തക യൂണിയൻ (ഗഡണഖ) എറണാകുളം ജില്ലാ കമ്മിറ്റിയിലേക്ക് (എറണാകുളം പ്രസ് ക്ലബ്ബ്) നടന്ന തെരഞ്ഞെടുപ്പിൽ ആർ. ഗോപകുമാർ (ജനയുഗം) പ്രസിഡന്റായും എം. ഷജിൽ കുമാർ (മലയാള മനോരമ) സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. രുജീഷ് വി. രവീന്ദ്രൻ (ന്യൂസ് മലയാളം) ആണ് ട്രഷറർ.

അർച്ചന കെ. (കൈരളി ടിവി), പ്രകാശ് എളമക്കര (സമയം മലയാളം) എന്നിവർ വൈസ് പ്രസിഡന്റുമാരായും, ആതിര ടി. (റിപ്പോർട്ടർ ടിവി), സ്മിത വി.എച്ച്. (24 ന്യൂസ്) എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും തെരഞ്ഞെടുക്കപ്പെട്ടു.

അഷ്റഫ് കെ.കെ. (ഡെൻ എം.ടി.എൻ), ജിഷ പി.ഒ. (ന്യൂസ് മലയാളം), ജിതിൻ ജോയ് (റിപ്പോർട്ടർ ടിവി), ലിജോ എം.ജി. (ധനം), നിഖിൽ ബാലകൃഷ്ണൻ (ജനയുഗം), ശ്രീഹരി രാമകൃഷ്ണൻ (കേരള കൗമുദി), വർണ്ണം കെ.എസ്. (ജന്മഭൂമി), വിജയചന്ദ്രൻ (എസിവി) എന്നിവരാണ് പുതിയ നിർവാഹക സമിതി അംഗങ്ങൾ.

# കുട്ടികൾക്ക് ജലസുരക്ഷ വിദ്യാഭ്യാസം ഉറപ്പാക്കണം: മന്ത്രി കെ. മുരളീധരൻ

**തിരുവനന്തപുരം:** റോഡ് സുരക്ഷയ്ക്ക് നൽകുന്ന അതേ പ്രാധാന്യത്തോടെ, ചെറുപ്രായം മുതൽ തന്നെ ജലസുരക്ഷാ വിദ്യാഭ്യാസം നാം ഉറപ്പാക്കണമെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രി കെ. മുരളീധരൻ. മുങ്ങിമരണ പ്രതിരോധം സംബന്ധിച്ച ഇന്ത്യ ഓസ്ട്രേലിയ സാങ്കേതിക സമിതി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ജലസ്രോതസ്സുകളുമായി അഭേദ്യമായ ബന്ധമുള്ള കേരളം പോലൊരു സംസ്ഥാനത്ത് നീന്തൽ വിനോദം മാത്രമല്ല, ജീവൻ രക്ഷിക്കാൻ സഹായിക്കുന്ന അനിവാര്യമായ ഒരു ജീവിതനൈപുണ്യം കൂടിയാണ്. അപകടകരമായ ക്വാറികൾ, കനാലുകൾ, നദീതീരങ്ങൾ, തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. എമർജൻസി റെസ്പോൺസ് സംഘങ്ങൾ, തീരദേശ പോലീസ്, മത്സ്യത്തൊഴിലാളികൾ എന്നിവർ പ്രകടിപ്പിക്കുന്ന അസാധാരണമായ ധൈര്യവും സേവനമനോഭാവവും നാം പ്രയോജനപ്പെടുത്തണം. ജലാശയങ്ങളെക്കുറിച്ചുള്ള അവരുടെ വിലമതിക്കാനാവാത്ത അനുഭവപരിചയവും പ്രായോഗിക അറിവും ഔദ്യോഗികമായി രക്ഷാപ്രവർത്തന ശൃംഖലകളുടെയും സമൂഹാധിഷ്ഠിത പരിശീലന പരിപാടികളുടെയും ഭാഗമാക്കണമെന്നും മന്ത്രി പറഞ്ഞു.

സിപിആർ പരിശീലനം വ്യാപിപ്പിക്കുക, ആംബുലൻസ് സേവനങ്ങളുടെ പ്രതികരണശേഷി മെച്ചപ്പെടുത്തുക, അടിയന്തര ചികിത്സാ വിഭാഗങ്ങളെ ആവശ്യമായ സൗകര്യങ്ങളോടെ സജ്ജമാക്കുക എന്നിവയിലൂടെ രക്ഷാപ്രവർത്തനത്തിനുശേഷമുള്ള നിർണായക നിമിഷങ്ങൾ ഫലപ്രദമാക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

എല്ലാ മുങ്ങിമരണങ്ങളും അപകടവശാൽ സംഭവിക്കുന്നതല്ല. ശാരീരികവും വൈകാരികവുമായ കാരണങ്ങളാൽ സംഭവിക്കുന്ന മരണങ്ങൾ തടയുന്നതിനായി മുങ്ങിമരണ പ്രതിരോധ പ്രവർത്തനങ്ങളെ മാനസികാരോഗ്യ പരിചരണം, കൗൺസിലിങ് സേവനങ്ങൾ, പ്രതിസന്ധി ഘട്ടങ്ങളിലെ അടിയന്തര ഇടപെടൽ സംവിധാനങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും മന്ത്രി ചൂണ്ടിക്കാട്ടി.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സംസ്ഥാന ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഓസ്ട്രേലിയൻ ഗവൺമെന്റ്, റോയൽ ലൈഫ് സേവിങ് സൊസൈറ്റി ഓസ്ട്രേലിയ, ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗ്ലോബൽ ഹെൽത്ത് ഓസ്ട്രേലിയ എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് അധ്യക്ഷയായി. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അഡീഷണൽ ഡയറക്ടർ ജനറൽ, ഡോ. ഗീത ആനന്ദൻ, കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. മോഹനൻ കുന്നുമ്മൽ, മെഡിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ജു രവീന്ദ്രൻ, ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗ്ലോബൽ ഹെൽത്ത് ഇൻജുറി പ്രോഗ്രാം മേധാവി ഡോ. ജഗ്നൂർ ജഗ്നൂർ ഓസ്ട്രേലിയ റോയൽ ലൈഫ് സേവിങ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. ജസ്റ്റിൻ സ്കാർ എന്നിവർ സംസാരിച്ചു.

ഇരുരാജ്യങ്ങളിലെയും മുങ്ങിമരണ പ്രതിരോധവുമായി ബന്ധപ്പെട്ട നയരൂപകർത്താക്കൾ, ഗവേഷകർ, പ്രായോഗിക പ്രവർത്തകർ എന്നിവരെ പരസ്പരം ബന്ധിപ്പിക്കുക,

മുങ്ങിമരണങ്ങൾ കുറയ്ക്കുന്നതിനായി ദീർഘകാലാടിസ്ഥാനത്തിലുള്ളതും സുസ്ഥിരവുമായ മാറ്റങ്ങൾ കൈവരിക്കുന്നതിന് ഇരു രാജ്യങ്ങളിലും മുങ്ങിമരണ പ്രതിരോധ നയങ്ങളും തന്ത്രങ്ങളും വികസിപ്പിക്കുന്നതിന് പിന്തുണ നൽകുക എന്നിവയിൽ വിവിധ സെഷനുകളിലായി സെമിനാറുകളും ചർച്ചകളും നടന്നു.



# വാര്യർ ഫൗണ്ടേഷന്റെ സിൽവർ ജൂബിലി സമാപനവും കൈവല്യ ഇവന്റ് സെന്റർ ഉദ്ഘാടനവും 31ന്

**മഴുവന്നൂർ:** സാമൂഹിക സേവനരംഗത്ത് കാൽനൂറ്റാണ്ടിന്റെ പ്രവർത്തനപാരമ്പര്യം പിന്നിടുന്ന വാര്യർ ഫൗണ്ടേഷന്റെ സിൽവർ ജൂബിലി സമാപനവും, എറണാകുളം ജില്ലയിലെ മഴുവന്നൂരിൽ ഫൗണ്ടേഷൻ നിർമ്മിച്ച കൈവല്യ ഇവന്റ് സെന്ററിന്റെ ഉദ്ഘാടനവും 2026 ഒക്ടോബർ 31ന് നടക്കും. രാഷ്ട്രീയ, സാമൂഹിക, പൊതുരംഗങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്ന ചടങ്ങ് കുന്നത്തുനാട് എം.എൽ.എ വി.പി. സജീന്ദ്രൻ ഉദ്ഘാടനം ചെയ്യും.

പരിപാടിയുടെ ഭാഗമായി ഡെന്റ് കെയർഡെന്റൽ ലാബ് മാനേജിംഗ് ഡയറക്ടർ ജോൺ കുര്യാക്കോസ് നയിക്കുന്ന ജീവിതവിജയ പ്രചോദന ക്ലാസ്, പിന്നണി ഗായകൻ ബിജു നാരായണനും സംഘവും അവതരിപ്പിക്കുന്ന മെഗാ മ്യൂസിക് ഷോ, ടി.വി. മിമിക്രി താരം എ.വി. രവികുമാറിന്റെ സൗണ്ട് ഇല്യൂഷൻ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

1999ൽ എ.എസ്. മാധവന്റെ നേതൃത്വത്തിൽ ആരംഭിച്ച വാര്യർ ഫൗണ്ടേഷൻ, സേവനവും സാമൂഹിക ഉത്തരവാദിത്വവും മുൻനിർത്തി വിവിധ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. 'ലോകാഃ സമസ്താഃ സുഖിനോ ഭവന്തു' എന്ന മഹത്തായ സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് ഭവനം, തൊഴിൽ, വിദ്യാഭ്യാസം, നൈപുണ്യവികസനം, സ്ത്രീശാക്തീകരണം, ആരോഗ്യപരിപാലനം, സാംസ്കാരിക സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഫൗണ്ടേഷൻ സജീവമാണ്.

**ഫൗണ്ടേഷന്റെ നിലവിലെ പ്രധാന നേട്ടങ്ങൾ**

**കൈവല്യ ആശ്രിത മന്ദിരം :** ഭവനനിർമാണത്തിലൂടെ 292 കുടുംബങ്ങൾക്ക് കൈത്താങ്ങ്: സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കായി ആശ്രിതമന്ദിരം പദ്ധതിയിലൂടെ ഇതിനകം 292 വീടുകൾ നിർമ്മിച്ചുനൽകി. അട്ടപ്പാടിയിലെ ആദിവാസി കുടുംബങ്ങൾക്കായി നിർമ്മിച്ച വീടുകളും ഇതിൽ ഉൾപ്പെടുന്നു.

**വനിതകൾക്ക് തൊഴിൽ:** വ്യാവസായിക പാർക്ക് അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ നിന്നുള്ളവരടക്കം 60 വനിതകൾക്ക് വസ്ത്രനിർമാണ മേഖലയിലൂടെ നിലവിൽ തൊഴിൽ നൽകിവരുന്നു.

**യുവജനങ്ങൾക്ക് നൈപുണ്യവും തൊഴിലും:** കഴിഞ്ഞ രണ്ടുവർഷത്തിനിടെ 1,250 തൊഴിൽരഹിത യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കാൻ ഫൗണ്ടേഷന് കഴിഞ്ഞിട്ടുണ്ട്. മലപ്പുറം തിരുനാവായയിലെ നൈപുണ്യവികസന കേന്ദ്രത്തിൽ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള അഞ്ച് കെട്ടിടങ്ങളും 400 വിദ്യാർത്ഥികൾക്ക് താമസിച്ച് പരിശീലനം നേടാനുള്ള സൗകര്യവുമുണ്ട്.

**സ്ത്രീശാക്തീകരണം:** സ്ത്രീകൾക്ക് കുറഞ്ഞ ചെലവിൽ ഇരുചക്രവാഹന ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതികളിലൂടെ സ്വയംപര്യാപ്തതയും ആത്മവിശ്വാസവും വളർത്താൻ ഫൗണ്ടേഷൻ ഇടപെടുന്നു.

**ജൈവഗ്രാമ പദ്ധതി:** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവവള വിതരണവും അനുയോജ്യമായ ഫലവൃക്ഷത്തൈകളുടെ വിതരണവും ഉൾപ്പെടുത്തി ജൈവഗ്രാമ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

**ആരോഗ്യവും ആയുർവേദ ജീവിതരീതിയും:** ആയുർവേദ ജീവിതശൈലിയെ ജനകീയമാക്കുന്നതിനും സാധാരണക്കാർക്ക് താങ്ങാനാകുന്ന ചെലവിൽ ചികിത്സ ലഭ്യമാക്കുന്നതിനുമായി പാലക്കാട്, കോലഞ്ചേരി എന്നിവിടങ്ങളിലെ പ്രവർത്തനങ്ങളിലൂടെ ആരോഗ്യപരിപാലന സംരംഭങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നു.

**വയോജനപരിചരണം:** ജീവിതസായാഹ്നത്തിലെ ഒറ്റപ്പെടലുകൾക്ക് ആശ്വാസമാകുന്നതിനായി പാലക്കാട് കൂറ്റനാട് ഓൾഡേജ് ഹോം പ്രവർത്തിച്ചുവരുന്നു.

**കലാസാംസ്കാരിക ഗവേഷണം:** അന്യംനിന്നുപോകുന്ന പരമ്പരാഗത നൃത്തരൂപങ്ങളെ കണ്ടെത്തി, സംരക്ഷിച്ച്, പുതുതലമുറയിലേക്ക് കൈമാറുക എന്ന ലക്ഷ്യത്തോടെ 'പ്രതിരൂപ് ആർട്സ്' എന്ന പേരിൽ ഗവേഷണ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ഹോളിസ്റ്റിക് ജീവിതാനുഭവ കേന്ദ്രം:** കേരളം,തമിഴ്നാട് അതിർത്തി ഗ്രാമമായ ആനക്കട്ടിയിൽ നിർവാണ, ഹോളിസ്റ്റിക്സ് സെന്റർ' എന്ന പേരിൽ റിസോർട്ടും പ്രവർത്തിച്ചുവരുന്നു.

**ഭാവിയിലേക്ക് കൂടുതൽ വലിയ ലക്ഷ്യങ്ങൾ**

കഴിഞ്ഞ 25 വർഷത്തെ സേവനപ്രവർത്തനങ്ങളുടെ ഇരട്ടിയിലധികം നേട്ടങ്ങൾ അടുത്ത രണ്ടു വർഷത്തിനുള്ളിൽ കൈവരിക്കണമെന്ന സ്ഥാപക നേതൃത്വത്തിന്റെ ആഗ്രഹം മുൻനിർത്തി, മഴുവന്നൂർ കേന്ദ്രമായി ആരംഭിച്ച ഡബ്ല്യു.എഫ്. സൗഹൃദവേദിയിലൂടെ ജനകീയ വികസന പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുകയാണ് ഫൗണ്ടേഷന്റെ ലക്ഷ്യം.

**ഫൗണ്ടേഷൻ മുന്നോട്ടുവയ്ക്കുന്ന പ്രധാന ഭാവിലക്ഷ്യങ്ങൾ:**

1. 1,000 കുടുംബങ്ങൾക്ക് ഭവനം: ആശ്രിതമന്ദിരം പദ്ധതിയിലൂടെ ആകെ 1,000 വീടുകൾ പൂർത്തിയാക്കി നിർധനരായ ഭവനരഹിത കുടുംബങ്ങൾക്ക് സുരക്ഷിതമായ പാർപ്പിടം ഉറപ്പാക്കുക.
2. 500 വനിതകൾക്ക് തൊഴിൽ: പാലക്കാട് കോട്ടത്തറയിൽ വസ്ത്രനിർമാണ മേഖലയിലൂടെ 500 വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.
3. 5,000 യുവാക്കൾക്ക് തൊഴിൽ: നൈപുണ്യ പരിശീലനത്തിലൂടെ 5,000 യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുക.
4. സംസ്ഥാനാതിർത്തികൾ കടന്നുള്ള വികസനം: നൈപുണ്യ വികസന പ്രവർത്തനങ്ങൾ തമിഴ്നാട്ടിലേക്കും മഹാരാഷ്ട്രയിലേക്കും വ്യാപിപ്പിച്ച് കൂടുതൽ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
5. ജൈവഗ്രാമ വികസനം: ജൈവകൃഷി, ജൈവവള വിതരണം, ഫലവൃക്ഷത്തൈ വിതരണം എന്നിവ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുക.
6. സ്ത്രീശാക്തീകരണം : സ്ത്രീകൾക്കായുള്ള തൊഴിൽ, പരിശീലനം, സ്വയംപര്യാപ്തതാ പദ്ധതികൾ കൂടുതൽ വിപുലീകരിക്കുക.
7. സ്പോർട്സ് അക്കാദമി മുഴുവനൂർ കേന്ദ്രമായി കായിക മേഖലകളിലേക്ക് തല്പരരായ കുട്ടികളെ കണ്ടെത്തി വിദഗ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് പരിശീലനം നൽകുന്ന സ്പോർട്സ് അക്കാദമി പ്രവർത്തിച്ചുവരുന്നു

# കായികമാമാങ്കം കോഴിക്കോട്ട് കൊടിയേറി

**കോഴിക്കോട്:** സംസ്ഥാന സ്കൂൾ കായികരംഗത്തെ പുതിയ ചരിത്രത്തിലേക്ക് നയിച്ചുകൊണ്ട് 68ാമത് കേരള സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് കോഴിക്കോടിന്റെ മണ്ണിൽ വർണാഭമായ തുടക്കം. ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കുന്ന മൂന്നാമത് കായികമേള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എൻ.ഐ.ടി) സിന്തറ്റിക് ട്രാക്കിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു.



ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റും മേളയുടെ ബ്രാൻഡ് അംബാസഡറുമായ ഒളിമ്പ്യൻ ഡോ. പി.ടി. ഉഷ എം.പിയിൽ നിന്നും മുഖ്യമന്ത്രി ദീപശിഖ ഏറ്റുവാങ്ങി തെളിയിച്ചതോടെ കായികമാമാങ്കത്തിന് ആവേശകരമായ തുടക്കമായി. പൊതുവിദ്യാഭ്യാസന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി അഡ്വ. എൻ. ഷംസുദ്ദീൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

നാലായിരത്തോളം കായികതാരങ്ങൾ അണിനിരന്ന ആകർഷകമായ മാർച്ച് പാസ്റ്റോടെയാണ് ഉദ്ഘാടന ചടങ്ങുകൾ ആരംഭിച്ചത്. ജില്ലയിലെ വിവിധ സ്കൂളുകൾ, എസ്.പി.സി, എൻ.സി.സി കേഡറ്റുകൾ, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, ഇൻക്ലൂസീവ് സ്പോർട്സ് താരങ്ങൾ ഉൾപ്പെടെ 14 ജില്ലകളിൽ നിന്നുള്ള ടീമുകൾ അണിനിരന്ന മാർച്ച് പാസ്റ്റിൽ മന്ത്രി എൻ ഷംസുദ്ദീൻ സല്യൂട്ട് സ്വീകരിച്ചു. മൂവായിരത്തോളം വിദ്യാർത്ഥികൾ അവതരിപ്പിച്ച വർണാഭമായ സാംസ്കാരിക പരിപാടികൾ ഉദ്ഘാടന ചടങ്ങിന് മാറ്റുകൂട്ടി.

ചടങ്ങിൽ മന്ത്രിമാരായ ടി സിദ്ദിഖ്, ഒ ജെ ജനീഷ്, എം കെ രാഘവൻ എംപി, കോർപറേഷൻ മേയർ ഒ സദാശിവൻ, എം.എൽ.എമാരായ എം.എ. റസാഖ് മാസ്റ്റർ, പാറക്കൽ അബ്ദുള്ള, കെ. ജയന്ത്, കെ പ്രവീൺകുമാർ, കെ.കെ. രമ, സി.കെ. കാസിം, ഫൈസൽ ബാബു, പി.കെ. ഫിറോസ്, വി.ടി. സൂരജ്, ഫാത്തിമ തഹ്ലിയ, വിദ്യാ ബാലകൃഷ്ണൻ, ടി പി അഷ്റഫ് അലി, കോർപറേഷൻ മേയർ ഒ സദാശിവൻ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് മില്ലി മോഹൻ, പൊതു വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സജിത്ത് ബാബു, പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അരുൺ കെ വിജയൻ, അഡിഷണൽ ഡയറക്ടർ സി എ സന്തോഷ്, കൈറ്റ് സി ഒ അൻവർ സാദത്ത്, സിറ്റി പോലീസ് കമ്മിഷണർ എ പി ഷൗക്കത്തലി, വിദ്യാഭ്യാസ ഉപഡയറക്ടർ സി എസ് അമൃത, എസ്എസ്കെ ജില്ലാ പ്രൊജക്റ്റ് കോർഡിനേറ്റർ നിസാർ ചേലരി, ഒളിപ്യൻ പി ആർ ശ്രീജേഷ്, മറ്റു ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

വേഗതയുടെയും കരുത്തിന്റെയും പുതിയ റെക്കോർഡുകൾ കുറിക്കാൻ സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി 2,800 താരങ്ങൾ മാറ്റുരയ്ക്കുന്ന അത്‌ലറ്റിക്സ് മത്സരങ്ങൾ ഉൾപ്പെടെ 10 വേദികളിലായി 10,000ത്തോളം കായിക പ്രതിഭകളാണ് ഇത്തവണ രംഗത്തുള്ളത്. 14 ജില്ലകളിൽ നിന്നുള്ള താരങ്ങൾക്ക് പുറമേ ഗൾഫ് മേഖലയിൽ നിന്നുള്ള വിദ്യാർത്ഥികളും മേളയിൽ പങ്കെടുക്കുന്നുണ്ട്. ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ 117.5 പവന്റെ സ്വർണ്ണക്കപ്പാണ് സമ്മാനമായി ലഭിക്കുക.

എൻ.ഐ.ടിയിലെ സിന്തറ്റിക് ട്രാക്കാണ് മേളയുടെ പ്രധാന വേദി. കൂടാതെ പി.ടി.എം.എച്ച്.എസ്.എസ് കോടിയത്തൂർ,സെന്റ് സേവിയേഴ്സ് യു.പി സ്കൂൾ പെരുവയൽ, എം.ഇ.എസ് രാജ റെസിഡൻഷ്യൽ സ്കൂൾ ചാത്തമംഗലം, ദയാപുരം റെസിഡൻഷ്യൽ സ്കൂൾ, കുന്നമംഗലം ഹയർ സെക്കൻഡറി സ്കൂൾ, ആർ.ഇ.സി ജി.വി.എച്ച്.എസ് സ്കൂൾ ചാത്തമംഗലം, സിൽവർ ഹിൽസ് പബ്ലിക് സ്കൂൾ പാറോപ്പടി, പ്രസന്റേഷൻ എച്ച്.എസ്.എസ് ചേവായൂർ, ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് ഇൻഡോർ സ്റ്റേഡിയം എന്നിവയാണ് മറ്റ് വേദികൾ.

എൻ.ഐ.ടി സിന്തറ്റിക് ട്രാക്കിൽ ഇന്ന് ആരംഭിക്കുന്ന ഇൻക്ലൂസീവ് അത്‌ലറ്റിക്സോടെയാണ് മത്സരങ്ങൾക്ക് ഔദ്യോഗിക തുടക്കമാകുന്നത്. ഒക്ടോബർ 27 മുതൽ 31 വരെ പ്രധാന അത്‌ലറ്റിക്സ് ഇനങ്ങൾ നടക്കും.ഇതുകൂടാതെ വുഷു, സോഫ്റ്റ്ബോൾ, ബേസ്ബോൾ, കരാട്ടെ, ബോൾ ബാഡ്മിന്റൺ, നെറ്റ്ബോൾ, ത്രോബോൾ,ഇൻക്ലൂസീവ് ക്രിക്കറ്റ്, ഇൻക്ലൂസീവ് ബോക്സ്ബോൾ, ഇൻക്ലൂസീവ് ഹാൻഡ്ബോൾ, ഇൻക്ലൂസീവ് ബാഡ്മിന്റൺ,ഇൻക്ലൂസീവ് ഫുട്ബോൾ, വടംവലി, യോഗ, ബാസ്കറ്റ്ബോൾ, ക്രോസ് കൺട്രി തുടങ്ങിയ മത്സരങ്ങൾ വിവിധ വേദികളിലായി അരങ്ങേറും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ബ്ലാസ്റ്റേഴ്സും മുംബൈ സിറ്റിയും പോയിന്റ് പങ്കിട്ടു

**കൊച്ചി:** ആക്രമണ ഫുട്ബോളും പ്രതിരോധ മികവും ഒരുപോലെ പ്രകടമായ പോരാട്ടത്തിൽ കേരള ബ്ലാസ്റ്റേഴ്സും മുംബൈ സിറ്റി എഫ്സിയും പോയിന്റ് പങ്കിട്ടു. ഇന്ത്യൻ സൂപ്പർ ലീഗ് 2026-27 സീസണിൽ കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നടന്ന മത്സരമാണ് ഗോൾരഹിത സമനിലയിൽ അവസാനിച്ചത്. ഇരുടീമുകളും ഗോൾ അവസരങ്ങൾ സൃഷ്ടിച്ചെങ്കിലും ഗോൾകീപ്പർമാരുടെയും പ്രതിരോധനിരകളുടെയും മികച്ച പ്രകടനം മത്സരത്തെ സമനിലയിൽ നിലനിർത്തി. സീസണിലെ ആദ്യ ഹോം മത്സരത്തിൽ ഒരു പോയിന്റ് നേടിയ കേരള ബ്ലാസ്റ്റേഴ്സ് ലീഗ് പട്ടികയിൽ അഞ്ചാം സ്ഥാനത്തേക്ക് ഉയർന്നു.

മഞ്ഞപ്പടയുടെ ആവേശകരമായ പിന്തുണയിൽ കളത്തിലിറങ്ങിയ ബ്ലാസ്റ്റേഴ്സ് തുടക്കത്തിൽത്തന്നെ ആക്രമണങ്ങൾക്ക് മുൻതൂക്കം നൽകി. അഡ്രിയാൻ ലൂണയും നെബോജ്ഷ കൊസോവിച്ചും മധ്യനിരയിൽ കളി നിയന്ത്രിച്ചപ്പോൾ മുഹമ്മദ് സനാനും കൊറൂ സിങ്ങും വിങ്ങുകളിലൂടെ നടത്തിയ മുന്നേറ്റങ്ങൾ മുംബൈ പ്രതിരോധത്തിന് വെല്ലുവിളിയായി. അഞ്ചാം മിനിറ്റിൽ സനാൻ നൽകിയ ക്രോസിൽ ലൂണ നടത്തിയ ഹെഡർ നേരിയ വ്യത്യാസത്തിൽ പുറത്തേക്ക് പോയി. പിന്നാലെ ഹോർമിപാം തൊടുത്ത ഷോട്ട് സൈഡ് നെറ്റിൽ പതിച്ചു. പതിനേഴാം മിനിറ്റിൽ സനാൻ നടത്തിയ ദീർഘദൂര ഗോൾശ്രമവും ശ്രദ്ധേയമായി.

ബ്ലാസ്റ്റേഴ്സിന്റെ തുടർച്ചയായ മുന്നേറ്റങ്ങളെ സംഘടിതമായ പ്രതിരോധത്തിലൂടെയാണ് മുംബൈ സിറ്റി നേരിട്ടത്. ഗോൾകീപ്പർ ടി.പി. രഹനേഷിന്റെ ജാഗ്രതയും പ്രതിരോധനിരയുടെ കൃത്യമായ ഇടപെടലുകളും ബ്ലാസ്റ്റേഴ്സിന്റെ ആക്രമണങ്ങളെ ഫലപ്രദമായി ചെറുത്തു. പന്ത് വീണ്ടെടുത്ത് വേഗത്തിൽ മുന്നേറാനുള്ള മുംബൈയുടെ ശ്രമങ്ങളും മത്സരത്തിന് ആവേശം പകർന്നു.

മറുവശത്ത് വിങ്ങുകളിലൂടെ മുംബൈ നടത്തിയ ആക്രമണങ്ങൾ ബ്ലാസ്റ്റേഴ്സ് പ്രതിരോധത്തെയും പരീക്ഷിച്ചു. പി.എൻ. നൗഫലിന്റെ ഗോൾശ്രമങ്ങൾ തടഞ്ഞ അമരീന്ദർ സിങ് ബ്ലാസ്റ്റേഴ്സിന്റെ ഗോൾമുഖത്ത് നിർണായക സാന്നിധ്യമായി. മുംബൈയുടെ മുന്നേറ്റങ്ങളിൽ മുഹമ്മദ് അജ്സലിന്റെയും സഹതാരങ്ങളുടെയും ഇടപെടലുകൾ ശ്രദ്ധേയമായപ്പോൾ ബ്ലാസ്റ്റേഴ്സ് പ്രതിരോധനിരയും മികച്ച ഏകോപനം പ്രകടമാക്കി. ഇതോടെ ആദ്യപകുതി ഇരുടീമുകളുടെയും ആക്രമണങ്ങളും പ്രതിരോധവും ഒരുപോലെ ശ്രദ്ധനേടിയ പോരാട്ടമായി മാറി.

രണ്ടാം പകുതിയിലും മത്സരത്തിന്റെ ആവേശത്തിന് കുറവുണ്ടായില്ല. ബ്ലാസ്റ്റേഴ്സ് പരിശീലകൻ ആഷ്‌ലി വെസ്റ്റ്‌വുഡ് ശ്രീക്കുട്ടൻ, എബിൻ ദാസ്, ആന്ദ്രേ ഗ്രീൻ എന്നിവരെ കളത്തിലിറക്കി ആക്രമണത്തിന് പുതുഊർജം നൽകി. മധ്യനിരയിൽ പന്ത് നിയന്ത്രിച്ചും വിങ്ങുകളിലൂടെ മുന്നേറ്റങ്ങൾ സംഘടിപ്പിച്ചും ബ്ലാസ്റ്റേഴ്സ് ഗോൾ കണ്ടെത്താൻ ശ്രമിച്ചപ്പോൾ മുംബൈയും അവസരങ്ങൾ തേടി മുന്നേറി.

രണ്ടാം പകുതിയിൽ മുംബൈയുടെ ആകാശ് മിശ്ര നടത്തിയ ഹെഡർ ഗോൾപോസ്റ്റിൽ തട്ടിത്തെറിച്ചത് മത്സരത്തിലെ ശ്രദ്ധേയ നിമിഷങ്ങളിലൊന്നായി. ബ്ലാസ്റ്റേഴ്സിനായി ഫ്രെഡി ലല്ലാവ്മൗമയും നെബോജ്ഷ കൊസോവിച്ചും നടത്തിയ ഗോൾശ്രമങ്ങൾ മുംബൈ പ്രതിരോധത്തെ പരീക്ഷിച്ചു. അവസാന ഘട്ടത്തിൽ ആന്ദ്രേ ഗ്രീനിന്റെ ശ്രമവും രഹനേഷ് തടഞ്ഞതോടെ ഗോൾകീപ്പർമാരുടെ പ്രകടനം വീണ്ടും ശ്രദ്ധേയമായി.

മത്സരത്തിലുടനീളം ഇരുടീമുകളും വ്യത്യസ്തമായ ആക്രമണശൈലികളാണ് പുറത്തെടുത്തത്. മധ്യനിരയിലെ പന്തടക്കവും വിങ്ങുകളിലൂടെയുള്ള മുന്നേറ്റങ്ങളും ബ്ലാസ്റ്റേഴ്സിന്റെ കളിക്ക് കരുത്തായപ്പോൾ വേഗമേറിയ പ്രത്യാക്രമണങ്ങളും പ്രതിരോധത്തിലെ അച്ചടക്കവുമാണ് മുംബൈയുടെ പ്രകടനത്തിൽ ശ്രദ്ധേയമായത്. മത്സരത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇരുടീമുകളും എതിരാളികളുടെ ഗോൾമുഖത്ത് സമ്മർദം സൃഷ്ടിച്ചു.

ഗോൾകീപ്പർമാരായ അമരീന്ദർ സിങ്ങും ടി.പി. രഹനേഷും നടത്തിയ നിർണായക സേവുകൾ മത്സരഫലത്തിൽ പ്രധാന പങ്കുവഹിച്ചു. ആക്രമണങ്ങൾക്ക് മറുപടിയായി ഇരുടീമുകളുടെയും പ്രതിരോധനിരകൾ മികച്ച ഒത്തിണക്കം പ്രകടമാക്കിയതോടെ അവസാന വിസിൽ വരെ ഗോൾവലകൾ സുരക്ഷിതമായി തുടർന്നു.

സമനിലയിലൂടെ ഇരുടീമുകളും ഓരോ പോയിന്റ് വീതം സ്വന്തമാക്കി. മൂന്ന് മത്സരങ്ങളിൽനിന്ന് നാല് പോയിന്റുമായി കേരള ബ്ലാസ്റ്റേഴ്സ് ലീഗ് പട്ടികയിൽ അഞ്ചാം സ്ഥാനത്തെത്തി. പ്രതിരോധത്തിലെ സ്ഥിരതയും ഗോൾമുഖത്തെ മികച്ച ഇടപെടലുകളും ഇരുടീമുകൾക്കും തുടർന്നുള്ള മത്സരങ്ങൾക്ക് ആത്മവിശ്വാസം പകരുന്ന ഘടകങ്ങളായി.

ഒക്ടോബർ 31ന് ചെന്നൈയിൽ ചെന്നൈയിൻ എഫ്സിക്കെതിരെയാണ് കേരള ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം.

# സർക്കാർ ഉത്തരവ് ഉദ്യോഗസ്ഥർ അട്ടിമറിക്കുന്നു: സ്കൂൾ പാചക തൊഴിലാളികൾ

**കൊച്ചി:** സ്കൂൾ പാചക തൊഴിലാളികളുടെ വേതനം സംബന്ധിച്ച സർക്കാർ ഉത്തരവ് ഉദ്യോഗസ്ഥർ അട്ടിമറിക്കുന്നതായി സ്കൂൾ പാചക തൊഴിലാളി യൂണിയൻ (എ.ഐ.ടി.യു.സി) ആരോപിച്ചു. സെപ്റ്റംബർ മാസത്തെ വേതനം നൽകുന്നതിനുള്ള ഉത്തരവ് കഴിഞ്ഞ മാസം 30നും, തുക ഈമാസം അഞ്ചിനും വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് കൈമാറിയെങ്കിലും, ഉദ്യോഗസ്ഥരുടെ അലസത മൂലം പല ഉപജില്ലകളിലും ഇനിയും വിതരണം പൂർത്തിയായിട്ടില്ലെന്ന് യൂണിയൻ വ്യക്തമാക്കി. എല്ലാ മാസവും അഞ്ചാം തീയതിക്കകം പാചക തൊഴിലാളികൾക്ക് വേതനം ലഭ്യമാക്കാനുള്ള നിർദ്ദേശം നിലനിൽക്കെയാണ് ഒരു വിഭാഗം ഉദ്യോഗസ്ഥർ ഇത് വൈകിപ്പിക്കുന്നത്. അതേസമയം, സംസ്ഥാനത്തെ സ്കൂൾ പാചക തൊഴിലാളികൾക്ക് മിനിമം കൂലിയും വിരമിക്കൽ ആനുകൂല്യവും പെൻഷനും നൽകുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അറിയിപ്പ് സ്വാഗതാർഹമാണെന്ന് യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി പി.ജി. മോഹനൻ വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് സമയബന്ധിതമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



# പകർച്ചവ്യാധി കലണ്ടറുമായി ആരോഗ്യവകുപ്പ്

**തിരുവനന്തപുരം:** രോഗവ്യാപനവും മരണങ്ങളും ഒഴിവാക്കുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പ് ആദ്യമായി പകർച്ചവ്യാധി കലണ്ടർ പ്രസിദ്ധീകരിച്ചു. കലണ്ടർ പ്രകാശനം സെക്രട്ടേറിയറ്റ് പി ആർ ചേംബറിൽ ആരോഗ്യവകുപ്പ് മന്ത്രി കെ മുരളീധരൻ നിർവഹിച്ചു. രോഗപ്രതിരോധവും ചികിത്സയും ഫലപ്രദമാകാൻ ആരോഗ്യവകുപ്പിനൊപ്പം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെയും പൊതുജനങ്ങളുടെയും ഒരുമിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ഈ ഏകോപനത്തിന് നേതൃത്വം കൊടുക്കുന്നതിന്റെ ഭാഗമായാണ് ആരോഗ്യവകുപ്പ് പകർച്ചവ്യാധി കലണ്ടർ പ്രസിദ്ധീകരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും കലണ്ടർ ലഭ്യമാക്കും. ആരോഗ്യവകുപ്പ് വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും. വ്യത്യസ്ത രോഗങ്ങളുടെ വ്യാപനത്തിന്റെ പ്രവണതകളെക്കുറിച്ച് ശാസ്ത്രലോകത്തിന് വ്യക്തമായ അറിവുള്ളതിനാൽ രോഗങ്ങൾ വരാതിരിക്കാൻ മുൻകരുതൽ സ്വീകരിക്കാനാകും. എന്നാൽ ഈ അറിവ് പൊതുജനങ്ങൾക്കിടയിൽ സാർവത്രികമല്ല. അതിനാൽ രോഗങ്ങൾക്കെതിരെ സമൂഹത്തിന്റെ തയ്യാറെടുപ്പുകളും പ്രതിരോധ പ്രവർത്തനങ്ങളും പരാജയപ്പെടാൻ സാധ്യതയുണ്ട്.

രോഗവ്യാപനവും മരണങ്ങളും ഒഴിവാക്കുന്നതിൽ ആരോഗ്യവകുപ്പിന് പ്രധാന ഉത്തരവാദിത്വമുണ്ട്. ഓരോ മാസവും കേരളത്തിൽ പ്രസക്തമായ രോഗങ്ങൾ, അവയുടെ ലക്ഷണങ്ങൾ, പകരുന്ന വിധം, വ്യക്തികളും സമൂഹവും ചെയ്യേണ്ട കാര്യങ്ങൾ എന്നിവ കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജനങ്ങളിൽ അവബോധം വർധിപ്പിച്ച് രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുകയും രോഗലക്ഷണങ്ങൾ ഉണ്ടായാൽ ഉടൻ ചികിത്സ തേടുന്ന രീതി പ്രോത്സാഹിപ്പിക്കുകയുമാണ് കലണ്ടറിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യവകുപ്പ് നിയമിച്ച ഹൈപവർ ഉപദേശക സമിതിയുടെ മേൽനോട്ടത്തിൽ കേരളത്തിലെ ആരോഗ്യവിദഗ്ധരാണ് കലണ്ടർ തയ്യാറാക്കിയത്. നിലവിൽ ലഭ്യമായ വിവരങ്ങളാണ് കലണ്ടറിന്റെ അടിസ്ഥാനം. പുതിയ ശാസ്ത്രീയ വിവരങ്ങൾ ലഭിക്കുന്നതിനനുസരിച്ച് ആരോഗ്യവകുപ്പ് കലണ്ടർ പുതുക്കുമെന്നും മന്ത്രി അറിയിച്ചു.

ആരോഗ്യവകുപ്പ് ഹൈപവർ കമ്മിറ്റി ചെയർപേഴ്സൺ എസ് എസ് ലാൽ, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# കുട്ടികൾക്ക് സ്നേഹവും സുരക്ഷയും ഉറപ്പാക്കാൻ സമൂഹം മുന്നിട്ടിറങ്ങണം: മന്ത്രി ബിന്ദു കൃഷ്ണ

**തിരുവനന്തപുരം:** ശിശുക്ഷേമ സമിതിയിൽ കഴിയുന്ന കുട്ടികൾക്ക് സ്നേഹവും സുരക്ഷയും കരുതലും ഉറപ്പാക്കാൻ സമൂഹം മുന്നോട്ടുവരണമെന്ന് തൊഴിൽ, വനിതാശിശു വികസന, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ. ഓരോ കുഞ്ഞിനും തങ്ങൾ അനാഥരല്ലെന്ന ബോധ്യം നൽകണം. മാതാപിതാക്കളുടെ സ്നേഹവും വാത്സല്യവും പകരാൻ സമൂഹം തയ്യാറാകണമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് സംസ്ഥാന ശിശുക്ഷേമ സമിതിയുടെ നവീകരിച്ച ആസ്ഥാന മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി ബിന്ദു കൃഷ്ണ.

ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി ശരിയായ ദിശയിൽ നയിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. കുട്ടികൾ നാടിന്റെ അഭിമാനമായി വളരണം. അവരുടെ വിദ്യാഭ്യാസം, ആരോഗ്യം, മാനസിക വികാസം എന്നിവ ഉറപ്പാക്കാൻ സർക്കാരിന്റെയും വനിതാശിശു വികസന വകുപ്പിന്റെയും പിന്തുണ ലഭ്യമാക്കും. സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ ശിശുക്ഷേമ സമിതിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സ്മാർട്ട് സിറ്റിയുടെ സഹായത്തോടെ നവീകരിച്ച നാലുനില മന്ദിരം കുട്ടികൾക്ക് വീടിന്റെ സുരക്ഷയും അമ്മയുടെ വാത്സല്യവും പകരുന്ന രീതിയിലാണ് ഒരുക്കിയിരിക്കുന്നത്. ശുചിത്വം, സുരക്ഷ, മാനസിക ഉല്ലാസം എന്നിവയ്ക്ക് മുൻഗണന നൽകി ശിശുസൗഹൃദ അന്തരീക്ഷമാണ് സജ്ജമാക്കിയിട്ടുള്ളത്.

ഒന്നാം നിലയിൽ വിശാലമായ ഹാൾ, പ്രധാന ഓഫീസ്, ലൈബ്രറി എന്നിവയുണ്ട്. രണ്ടാം നിലയിൽ കുട്ടികൾക്കായി ഡോൾ മ്യൂസിയം ഒരുക്കിയിട്ടുണ്ട്. മൂന്നും നാലും നിലകളിലാണ് കുട്ടികളുടെ താമസസൗകര്യങ്ങൾ. ആധുനിക അടുക്കള, മെഡിക്കൽ കെയർ യൂണിറ്റ്, കളിസ്ഥലം, പാർക്ക്, സി.സി.ടി.വി നിരീക്ഷണ സംവിധാനം എന്നിവയും മന്ദിരത്തിന്റെ പ്രത്യേകതകളാണ്.

ഉദ്ഘാടനച്ചടങ്ങിൽ അമ്മത്തൊട്ടിലിൽ ലഭിച്ച ഏഴ് ദിവസം പ്രായമുള്ള പെൺകുഞ്ഞിന് മന്ത്രി 'ഗേഹ' എന്ന് പേരിട്ടു. ശിശുദിനത്തോടനുബന്ധിച്ച് ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന 'വർണ്ണോത്സവം' കലോത്സവവും മന്ത്രി ഉദ്ഘാടനം ചെയ്തു.

നഴ്സറി, അങ്കണവാടി മുതൽ ഹയർ സെക്കൻഡറി വരെയുള്ള കുട്ടികൾക്കായി കലാസാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കും. ചിൽഡ്രൻസ് ഹോമിലെ കുട്ടികൾ പങ്കെടുക്കുന്ന തളിർ കലോത്സവം, ശിശുദിന റാലി, കുട്ടികളുടെ മഹാസമ്മേളനം എന്നിവയും 'വർണ്ണോത്സവ'ത്തിന്റെ ഭാഗമായി നടക്കും.

ചടങ്ങിൽ മന്ത്രി സി.പി. ജോൺ അധ്യക്ഷത വഹിച്ചു. ശിശുക്ഷേമ സമിതിയുടെ പുതിയ സ്നേഹസൗധം നഗരത്തിലെ എല്ലാ കുട്ടികൾക്കുമായി തുറന്നുകൊടുക്കുന്നതിന്റെ പ്രാധാന്യം അദ്ദേഹം ചൂണ്ടിക്കാട്ടി. കോർപ്പറേഷൻ മേയർ വി.വി. രാജേഷ്, നഗരാസൂത്രണ സമിതി അംഗം ജി. വേണുഗോപാൽ, വനിതാശിശു വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ്, ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി അഡ്വ. ജി.എൽ. അരുൺ ഗോപി, ട്രഷറർ കെ. ജയപാൽ തുടങ്ങിയവർ പങ്കെടുത്തു. ഭരണ സമിതി അംഗങ്ങളും വിവിധ വകുപ്പ് ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

## സമഗ്ര പുരയിടകൃഷി വികസന പദ്ധതിക്ക് തുടക്കമായി

**മൂവാറ്റുപുഴ:** ആവോലി പഞ്ചായത്തിന്റെ വാർഷിക ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തയാറാക്കിയ സമഗ്ര പുരയിടകൃഷി വികസന പദ്ധതിക്ക് തുടക്കമായി. ആവോലി പഞ്ചായത്ത് പ്രസിഡന്റ് ജോജി കെ. ജോസ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

എട്ടുലക്ഷം വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്ത് പരിധിയിലുള്ള കർഷകർക്ക് കൃഷിയാവശ്യങ്ങൾക്കായി രാസവളം 50 ശതമാനം സബ്സിഡി നിരക്കിലും, ജൈവവളം 75 ശതമാനം സബ്സിഡി നിരക്കിലും പദ്ധതിയിലൂടെ ലഭ്യമാക്കും.

ചടങ്ങിൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഫെമിന അഷറഫ് അധ്യക്ഷത വഹിച്ചു. സ്ഥിരം സമിതി അധ്യക്ഷന്മാരായ ഷിബു ജോസ് പരീക്കൽ, ഷാനവാസ് കെ.വി, സൗമ്യ ജോൺ, കൃഷി ഓഫീസർ സുഗിന, മറ്റ് ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.




## മാർ സ്ലീവാ മെഡിസിറ്റിയിൽ ഓങ്കോ ഇംപാക്ട്' ദേശീയ സെമിനാർ നടന്നു

**പാലാ:** മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ നേതൃത്വത്തിൽ ഓങ്കോ ഇംപാക്ട് 2026 ദേശീയ സെമിനാർ നടത്തി. കാൻസർ പരിചരണ രംഗത്തെ ഏറ്റവും പുതിയ മുന്നേറ്റങ്ങൾ പങ്കുവയ്ക്കാനും ക്ലിനിക്കൽ അനുഭവങ്ങൾ ചർച്ച ചെയ്യാനും സെമിനാർ പ്രയോജനപ്പെട്ടു. കാർ ടിസെൽ തെറാപ്പി, റോബോട്ടിക് സർജിക്കൽ ഓങ്കോളജി, തെറാനോസ്റ്റിക്സ്, റേഡിയേഷൻ ഓങ്കോളജി, ബ്രെസ്റ്റ് സർജറി, പ്രോസ്റ്റേറ്റ് കാൻസറിനുള്ള അത്യാധുനിക ചികിത്സാ രീതികൾ എന്നിവയെക്കുറിച്ചുള്ള വിദഗ്ധ സെഷനുകളും പ്രാരംഭ ഘട്ടത്തിലുള്ള സ്തനാർബുദത്തെക്കുറിച്ചും ചർച്ചകൾ നടന്നു. വിവിധ സംസ്ഥാനങ്ങളിലെ പ്രമുഖ കാൻസർ ചികിത്സാ കേന്ദ്രങ്ങളിലെ കാൻസർ ചികിത്സാ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

ആശുപത്രി മാനേജിങ് ഡയറക്ടർ ആൻഡ് സിഇഒ റവ. ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. കാൻസറിനെതിരെയുള്ള അത്യാധുനിക ചികിത്സകൾ ചർച്ച ചെയ്യാനും ലോകോത്തര നിലവാരമുള്ള ചികിത്സകൾ രോഗികൾക്കും ലഭ്യമാക്കാനും ഇത്തരത്തിലുള്ള സെമിനാറിലൂടെ സാധിക്കുമെന്നു അദ്ദേഹം പറഞ്ഞു.

ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർകോമഡോർ ഡോ. പോളിൻ ബാബു, ഓങ്കോ സയൻസസ് വിഭാഗം മേധാവി ഡോ. റോണി ബെൻസൺ, റേഡിയേഷൻ ഓങ്കോളജി വിഭാഗം മേധാവി ഡോ. ആന്റോ ബേബി എന്നിവർ പ്രസംഗിച്ചു.

# ഇന്ത്യൻ നാവികസേനയുടെ ഫസ്റ്റ് ട്രെയിനിംഗ് സ്ക്വാഡ്രൺ മാലദ്വീപിലെത്തി

**കൊച്ചി:** ഇന്ത്യൻ നാവികസേനയുടെ ഫസ്റ്റ് ട്രെയിനിംഗ് സ്ക്വാഡ്രണിലെ യുദ്ധക്കപ്പലുകളായ ഐ.എൻ.എസ് തീർ, ഐ.എൻ.എസ് സുജാത, ഇന്ത്യൻ കോസ്റ്റ് ഗാർഡ് കപ്പലായ സാരഥി എന്നിവ മാലദ്വീപിലെ മാലെ തീരത്തെത്തി . ദീർഘദൂര പരിശീലന ദൗത്യത്തിന്റെ ഭാഗമായാണ് കപ്പലുകൾ മാലദ്വീപിൽ എത്തിയത്. മാലദ്വീപ് നാഷണൽ ഡിഫൻസ് ഫോഴ്സ് പ്രതിനിധികൾ കപ്പലുകൾക്ക് സ്വീകരണം നൽകി.

സന്ദർശന വേളയിൽ ഫസ്റ്റ് ട്രെയിനിംഗ് സ്ക്വാഡ്രൺ സീനിയർ ഓഫീസർ, മാലദ്വീപ് ചീഫ് ഓഫ് ഡിഫൻസ് ഫോഴ്സ്, എം.എൻ.ഡി.എഫ് കോസ്റ്റ് ഗാർഡ് കമാൻഡന്റ് എന്നിവരുമായി കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള നാവികസേനാ സഹകരണവും സമുദ്ര സുരക്ഷയും യോഗത്തിൽ ചർച്ചയായി. തുടർന്ന് മാലദ്വീപിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ജി. ബാലസുബ്രഹ്മണ്യവുമായും ഉദ്യോഗസ്ഥർ കൂടിക്കാഴ്ച നടത്തി.

പരിശീലനത്തിന്റെ ഭാഗമായി ട്രെയിനികൾ മാലദ്വീപിലെ ഗിരിഫുഷി ട്രെയിനിംഗ് സെന്റർ സന്ദർശിച്ചു. ഇരു സേനകളും തമ്മിലുള്ള സൗഹൃദവും സഹകരണവും വർദ്ധിപ്പിക്കുന്നതിനായി ക്രോസ്ഡെക്ക് സന്ദർശനങ്ങളും കായിക മത്സരങ്ങളും സാംസ്കാരിക പരിപാടികളും സന്ദർശനത്തിന്റെ ഭാഗമായി നടക്കും. പ്രധാനമന്ത്രി മുന്നോട്ടുവെച്ച 'മഹാസാഗർ' ദർശനത്തിന് കരുത്തുപകരുന്നതാണ് ഈ സന്ദർശനം.



സൊസൈറ്റി ടുഡേ
SOCIETY TODAY




ഡെർമറ്റോളജി, എസ്തെറ്റിക്സ്, സർജറി മേഖലകളിലെ അന്താരാഷ്ട്ര സംഘടനയായ 'ഡാസിൽ' കൊച്ചിയിൽ സംഘടിപ്പിച്ച 14ാമത് വേൾഡ് കോൺഗ്രസിന്റെ ഉദ്ഘാടനം ഡാസിൽ വേൾഡ് കോൺഗ്രസ്സ് 2026 പ്രസിഡന്റ് ഡോ.രാഹുൽ പിള്ള നിർവ്വഹിക്കുന്നു. ഡോ. മൈക്കിൾ ഗോൾഡ്, പ്രൊഫ. ഡോ. ഗണേഷ് പൈ, ഡോ.വി.പി. കുര്യേയ്പ്പ് എന്നിവർ സമീപം.

# പതിനാലാമത് ഡാസിൽ വേൾഡ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി :** ഡെർമറ്റോളജി, എസ്തെറ്റിക്സ്, ആൻഡ് സർജറി ഇന്റർനാഷണൽ ലീഗ് (ഡാസിൽ) സംഘടിപ്പിക്കുന്ന 14മത് വേൾഡ് കോൺഗ്രസിന്റെ ഉദ്ഘാടനം ബോൾഗാട്ടി ഗ്രാന്റ് ഹയാത്തിൽ ഡാസിൽ വേൾഡ് കോൺഗ്രസ്സ് 2026 പ്രസിഡന്റ് ഡോ. രാഹുൽ പിള്ള നിർവ്വഹിച്ചു. ചർമ്മ സൗന്ദര്യ വർദ്ധക ചികിത്സാരംഗത്തെയും പ്ലാസ്റ്റിക് സർജറിയിലെയും അത്യാധുനിക സാങ്കേതികവിദ്യകളെക്കുറിച്ച് പ്രമുഖ വിദഗ്ദ്ധർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയരായ ഡോ. മൈക്കിൾ ഗോൾഡ്, ഡാസിൽ വേൾഡ് കോൺഗ്രസ് 2026 പ്രസിഡന്റ് ഡോ. രാഹുൽ പിള്ള, പ്രൊഫ. ഡോ. ഗണേഷ് പൈ, ഡോ. കുരിയപ്പ് എന്നിവരുടെ നേതൃത്വത്തിലാണ് ശാസ്ത്രീയ ചർച്ചകൾ നടന്നത്.

ഫെയ്സ്ലിഫ്റ്റ്, ശരീരത്തിലെ അമിത കൊഴുപ്പ് കുറച്ച് ശരീരത്തിന് കൂടുതൽ ആകർഷകമായ ആകൃതി നൽകുന്നതിന് നടത്തുന്ന ചികിത്സരീതികളിലെ പുതിയ കണ്ടെത്തലുകൾ ആന്റിഏജിംഗ് ചികിത്സകളിലെ പുത്തൻ മുന്നേറ്റങ്ങൾ എന്നിവയെക്കുറിച്ചും പ്രമുഖർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.




# അപ്പോളോ അഡ്ലക്സ് ഹോസ്പിറ്റലിൽ മെനോപോസ് ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** സ്ത്രീകളുടെ ആരോഗ്യ സംരക്ഷണത്തിൽ പുതിയൊരു ചുവടുവെയ്പുമായി അങ്കമാലി അപ്പോളോ അഡ്ലക്സ് ഹോസ്പിറ്റൽ. ആർത്തവവിരാമ ഘട്ടത്തിൽ പൂർണ്ണ ആരോഗ്യത്തോടും ആത്മവിശ്വാസത്തോടും കൂടിയുള്ള ജീവിതശൈലി ഉറപ്പാക്കുന്നതിനായി പ്രത്യേകം സജ്ജമാക്കിയ സഖി എന്ന് പേരിട്ടിരിക്കുന്ന മെനോപോസ് ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചു. ക്ലിനിക്കിന്റെ ഉദ്ഘാടന ചടങ്ങിൽ അങ്കമാലി നഗരസഭ ചെയർപേഴ്സൺ റീത്ത പോൾ മുഖ്യാതിഥിയായി. അപ്പോളോ അഡ്ലക്സ് ഹോസ്പിറ്റൽ മെഡിക്കൽ സർവീസസ് ഡയറക്ടർ ഡോ. രമേഷ് കുമാർ ആർ, മെഡിക്കൽ സൂപ്രണ്ട് ഡോ സജു സാമുവൽ ജേക്കബ് എന്നിവരും ചടങ്ങിന്റെ ഭാഗമായി.

അപ്പോളോ അഡ്ലക്സ് ഹോസ്പിറ്റലിലെ നാലാം നിലയിൽ ഗൈനക്കോളജി വിഭാഗത്തിന് സമീപമായാണ് ക്ലിനിക്ക് സജ്ജീകരിച്ചിരിക്കുന്നത്. എല്ലാ ശനിയാഴ്ചകളിലും രാവിലെ 10:00 മണി മുതൽ 12:00 മണി വരെ ക്ലിനിക്കിന്റെ സേവനം ലഭ്യമായിരിക്കും. സ്ത്രീകളുടെ മെനോപോസ് ഘട്ടത്തിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ മാറ്റങ്ങളെ കൃത്യമായി നേരിടാനും ആവശ്യമായ ചികിത്സ ലഭ്യമാക്കാനും വിദഗ്ദ്ധ ഗൈനക്കോളജിസ്റ്റുകളുടെ സേവനം ക്ലിനിക്കിൽ ലഭ്യമാണ്.

# എയർടെൽ യൂട്യൂബുമായി കൈകോർക്കുന്നു

**കൊച്ചി:** യുട്യൂബുമായി കൈകോർത്ത് എയർടെൽ പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് യുട്യൂബ് പ്രീമിയം ലഭ്യമാക്കുന്നു. 200 രൂപയുടെ ഒടിടി ടോപ്പ് അപ്പിലൂടെ എയർടെൽ പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് ഇനി യൂ ട്യൂബ് പ്രീമിയവും ലഭ്യമാകും. പ്രൈം വീഡിയോ, ജിയോഹോട്ട്സ്റ്റാർ, സീ 5 പ്രീമിയം, സോണി ലിവ് എന്നിവ കൂടാതെ 18ലധികം മറ്റ് ഒ ടി ടി പ്ലേറ്റ്ഫോമുകളും 30 ജി ബി അധിക ഡാറ്റയും 200 രൂപയുടെ ഒ ടി ടി ടോപ്അപ്പിലൂടെ ലഭിക്കും.

ഈ പങ്കാളിത്തത്തിലൂടെ പ്രീപെയ്ഡ് ഉപഭോക്താക്കൾക്ക് പരസ്യങ്ങൾ ഇല്ലാത്ത യുട്യൂബ് അനുഭവം ലഭ്യമാകും. കൂടെ ബാക്ക് ഗ്രൗണ്ട് പ്ലേ, ഓഫ് ലൈൻ ഡൗൺലോഡുകൾ, യൂട്യൂബ് മ്യൂസിക് പ്രീമിയം എന്നിവ ലഭിക്കുന്നു. നിബന്ധനകൾ ബാധകം ആണ്. 28 ദിവസമാണ് പ്ലാനിന്റെ കാലാവധി. നിലവിലെ പ്രീ പെയ്ഡ് പ്ലാനുകളിലും ഈ ടോപ് അപ്പ് ലഭ്യമാണ്.

# ക്രോംപ്ടൺ അമിയോ ചോപ് ആന്റ് പീൽ വിപണിയിൽ

**കൊച്ചി:** ദൈനംദിന പാചകം എളുപ്പമാക്കാൻ അമിയോ ചോപ് ആന്റ് പീൽ അവതരിപ്പിച്ച് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ്. ഭക്ഷണം തയ്യാറാക്കുന്നത് കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവുമാക്കാൻ സഹായിക്കുന്ന സവിശേഷതകളുമായാണ് അമീയോ ചോപ് ആന്റ് പീൽ വരുന്നത്. ഗാർലിക് പീലർ, ചേരുവകൾ അരിയാൻ എസ് ആകൃതിയിലുള്ള രണ്ട് ബ്ലേഡുകൾ, 300 വാട്ട് മോട്ടോർ എന്നിവ ഉപകരണത്തിലുണ്ട്. 800 മില്ലിലിറ്റർ ശേഷിയുള്ള സുതാര്യമായ ഫുഡ് ഗ്രേഡ് ബൗൾ, സിംഗിൾ ടച്ച് പ്രവർത്തനം ഇതിന്റെ പ്രത്യേകതയാണ്.




അമിയോ ചോപ്പ് ആന്റ് പീൽ എന്ന ഓൾഇൻവൺ അടുക്കള ഉപകരണം തൊലി കളയൽ, മുറിക്കൽ, വിസ്കിങ്ങ് എന്നിവ എളുപ്പമാക്കുന്നു. റീട്ടെയിൽ സ്റ്റോറുകളിലും ഓൺലൈൻ ഷോപ്പിംഗ് പ്ലാറ്റ്ഫോമുകളിലും 2,999 രൂപയ്ക്ക് ഉപകരണം ലഭിക്കും. കൂടാതെ രണ്ട് വർഷത്തെ വാറന്റിയോടൊപ്പം വിസ്കിംഗ് അറ്റാച്ച്മെന്റും, ഗാർലിക് പീലറും ലഭിക്കും .

# ബെസ്പോക്ക് എ.ഐ. ഗൃഹോപകരണങ്ങൾക്ക് ദീപാവലി ഓഫറുകളുമായി സാംസങ്

**ഗുരുഗ്രാം:** ദീപാവലിയോടനുബന്ധിച്ച് ബെസ്പോക്ക് എ.ഐ. ഗൃഹോപകരണങ്ങളുടെ ശ്രേണിയിൽ ആകർഷകമായ ഓഫറുകൾ പ്രഖ്യാപിച്ച് സാംസങ് ഇന്ത്യ. തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ വാങ്ങുന്നവർക്ക് 20,000 രൂപ വരെ ക്യാഷ്ബാക്ക്, 888 രൂപ മുതൽ കുറഞ്ഞ പ്രതിമാസ തവണകൾ (ഇഎംഐ), സീറോ ഡൗൺ പേയ്മെന്റ് എന്നിവ ലഭിക്കും. സാംസങ് ഫിനാൻസ് പ്ലസ് വഴിയുള്ള എളുപ്പത്തിലുള്ള ധനസഹായവും ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താം.

സാംസങ് കെയർ പ്ലസ് വഴി ഒരു വർഷത്തെ വാറന്റി വാങ്ങുന്നവർക്ക് നിബന്ധനകൾക്ക് വിധേയമായി മൂന്ന് വർഷം വരെ അധിക വാറന്റിയും സൗജന്യമായി ലഭിക്കും. ബെസ്പോക്ക് എ.ഐ. ഡിജിറ്റൽ ഗൃഹോപകരണങ്ങൾക്കായി 'ട്രിപ്പിൾ സീറോ' ഓഫറും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ ആറ് മുതൽ പത്ത് മാസം വരെയുള്ള കാലാവധിയിൽ സീറോ ഡൗൺ പേയ്മെന്റ്, സീറോ പ്രോസസ്സിങ് ഫീസ്, പലിശരഹിത ഇഎംഐ എന്നിവയുടെ ആനുകൂല്യം ലഭിക്കും. ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ്, ടിവിഎസ് ക്രെഡിറ്റ് എന്നിവയുമായി സഹകരിച്ചാണ് ഈ ഓഫർ അവതരിപ്പിച്ചിരിക്കുന്നത്.